വയനാട് ജില്ലയിലെ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ നവീകരണം

61 (4675) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ ഫയർ ആന്റ് റെസ്ക്യൂ വകുപ്പ്വഴി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ മണ്ഡലം തിരിച്ച് വിശദമാക്കുമോ ;

(ബി) ജില്ലയിലെ ഫയർ ആന്റ് റെസ്ക്യൂ ഫോഴ്സിന്റെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 50 ലക്ഷം രൂപ ചെലവഴിച്ച് സുൽത്താൻബത്തേരി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട സുൽത്താൻബത്തേരി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി പുതിയ കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചു.

(ബി) നവീകരണത്തിന്റെ ഭാഗമായി വയനാട് ജില്ലയിലേയ്ക്ക് ഇക്കഴിഞ്ഞ വർഷം വാട്ടർ ടെൻഡർ വിത്ത് ഇൻഫ്ളാറ്റബിൾ ടവർ ലൈറ്റ്, മിനി വാട്ടർ ടെൻഡർ ഹൈപ്രഷർ പമ്പ് വിത്ത് ഇൻഫ്ളാറ്റബിൾ ടവർ ലൈറ്റ്, റബ്ബർ ഡിങ്കി വിത്ത് 25 എച്ച്.പി. മോട്ടോർ, ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ്, ബ്രീത്തിംഗ് അപ്പാരറ്റസ് സെറ്റ്, ചെയിൻ സോ, ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ്, ഡെലിവറി ഹോസ്, സേർച്ച് ലൈറ്റ് എന്നീ വാഹനങ്ങളും ഉപകരണങ്ങളും അനുവദിച്ചിട്ടുണ്ട്.

ഹോം ഗാർഡുകളുടെ പരിശീലനം

62 (4676) ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹോം ഗാർഡുകളുടെ പരിശീലനത്തിനായി വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ അക്കാദമിയിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ ?

ഉത്തരം

ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly